**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 256** **01-02-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെഡിക്കൽ കോളേജിൽ അർബുദ ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കോഴിക്കോട് മെഡിക്കൽ കോളേജിൽ അർബുദ ചികിത്സ രംഗത്ത് നടത്തിയിട്ടുള്ള ഇടപെടലുകൾ വെളിപ്പെടുത്തുമോ; | (എ) | നൂതന ക്യാൻസർ ചികിൽസാ രംഗത്ത് കേന്ദ്രാവിഷ്കൃത പദ്ധതിയായ National Programme for Prevention and Control of Cancer, Diabetics, Cardio Vascular Diseases and Stroke (NPCDCS) ന്റെ ഭാഗമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ കോഴിക്കോട് മെഡിക്കൽ കോളേജിൽ 44.5 കോടി രൂപ ചെലവിൽ നടപ്പിലാക്കിയ പദ്ധതിയാണ് തൃതീയ ക്യാൻസർ കെയർ സെന്റർ. ഇതിന്റെ വിപുലീകരണത്തിന്റെ ഭാഗമായി നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ക്യാൻസർ ചികിൽസ കെട്ടിടത്തിന്റെ മുകൾ നിലയിൽ പുതിയ വാർഡുകൾ പണിയുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി 4 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മെഡിക്കൽ കോളേജിൽ അർബുദ ചികിത്സ രംഗത്ത് അത്യാധുനിക ചികിത്സ സംവിധാനങ്ങൾ ഒരുക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | കോഴിക്കോട് മെഡിക്കൽ കോളേജിൽ അർബുദ ചികിത്സ രംഗത്ത് അത്യാധുനിക ചികിത്സാ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജ് ടെർഷ്യറി ക്യാൻസർ സെന്ററിൽ എറ്റവും ആധുനികമായ Linear Accelerator (Truebeam), Harmonic Scalpel & CT Stimulator എന്നിവ സ്ഥാപിച്ച് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്യാൻസർ രോഗികൾക്ക് ലോകോത്തര നിലവാരത്തിലുള്ള ചികിൽസ നൽകിക്കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ